(ഡി) ഏകദേശം 8.50 ലക്ഷം രൂപ സ്വരൂപിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) മുൻകാലങ്ങളിൽ എസ്. എസ്. എൽ. സി. പരീക്ഷയോടൊപ്പമാണ് ഈ പരീക്ഷ നടത്തിയിരുന്നത്. പരിഷ്കരിച്ച പാഠ്യ പദ്ധതിയനുസരിച്ച് പുതിയ രീതിയിലാണ് പരീക്ഷ നടത്തുന്നത്. ഇതിന് സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാലാണ് ഫീസ് ഏർപ്പെടുത്തിയത്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന്പുറത്ത് സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുക്കൾ

24 (* 559) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതും സംസ്ഥാനത്തിന് പുറത്ത് വിവിധ സംസ്ഥാനങ്ങളിലായി സ്ഥിതി ചെയ്യുന്നതുമായ സ്ഥാവര വസ്തുക്കളുടെ വിശദാംശം അടങ്ങിയ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ;

(ബി) ഈ വസ്തുക്കളുടെ ഭരണവും പരിപാലനവും പൊതുമരാമത്ത് വകുപ്പ് നേരിട്ടാണോ നടത്തി വരുന്നത് ;

(സി) ഇപ്രകാരം നേരിട്ട് ഭരണവും മേൽനോട്ടവും നടത്തി വരുന്ന വസ്തുവകകൾ ഏതൊക്കെ ;

(ഡി) പൊതുമരാമത്ത് വകുപ്പ് നേരിട്ടല്ലാതെ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ, വ്യക്തികൾ വഴിയോ കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാവര വസ്തുക്കളുടെ മേൽനോട്ടവും ഭരണവും ഇപ്പോൾ നടന്നു വരുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ ഏതൊക്കെ; വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാന സർക്കാരിന് സംസ്ഥാനത്തിന് പുറത്ത് നുങ്കംപാക്കം, കന്യാകുമാരി, കുറ്റാലം, ന്യൂഡൽഹി, വാരാണസി എന്നിവിടങ്ങളിൽ ഭൂമിയും കെട്ടിടങ്ങളുമുണ്ട്.

(ബി&സി) കുറ്റാലത്തുള്ള സ്ഥലവും കെട്ടിടങ്ങളും മാത്രമേ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളൂ.

(ഡി&ഇ) ഡൽഹിയിലുള്ള കേരള ഹൗസ് കോമ്പൗണ്ട്, ട്രാവൻകൂർ ഹൗസ് കോമ്പൗണ്ട്, കപൂർത്തല പ്ലോട്ട് എന്നിവ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ അധീനതയിലാണ്. കന്യാകുമാരിയിലുള്ള കേരള ഹൗസും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലവും ചെന്നയിലെ 55 സെന്റ് സ്ഥലവും പൊതുഭരണ (ടൂറിസം) വകുപ്പിന്റെ അധീനതയിലാണ്. വാരാണസിയിലുള്ള സ്ഥലം കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംയോജിത മത്സ്യ വികസന പദ്ധതി

1 (2876) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. സി. ഡി. സി. യുടെ ധനസഹായത്തോടെ മത്സ്യഫെഡ് നടപ്പാക്കുന്ന സംയോജിത മത്സ്യ വികസനപദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യമാണ് ലഭ്യമാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ജില്ലാതല ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം കമ്മിറ്റികൾ സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിയമസാധ്യത ഇല്ലാത്ത ഈ കമ്മിറ്റികൾ എടുക്കുന്ന തീരുമാനങ്ങൾ റദ്ദാക്കണമെന്ന് പ്രാഥമിക സംഘം പ്രസിഡന്റുമാർ നിവേദനം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) സംയോജിത മത്സ്യ വികസന പദ്ധതി മുഖേന മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘാംഗങ്ങൾക്ക് മത്സ്യബന്ധനോപകരണങ്ങൾക്കുള്ള വായ്പ, മത്സ്യവിപണന സൗകര്യങ്ങൾ, പ്രാഥമിക സംഘങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കുള്ള വായ്പ, സംഘങ്ങൾക്ക് പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണി, എക്സ്റ്റെൻഷനും ട്രെയിനിംഗിനുമുള്ള ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഈ കമ്മിറ്റികൾ നിയമസാധ്യത ഇല്ലാത്തവയല്ല. ഈ കമ്മിറ്റികൾ എടുക്കുന്ന തീരുമാനങ്ങൾ റദ്ദാക്കണമെന്ന് പ്രാഥമിക സംഘം പ്രസിഡന്റുമാരിൽനിന്ന് നിവേദനം ലഭിച്ചിട്ടില്ല.

മത്സ്യ വിപണനത്തിന് മൊബൈൽ യൂണിറ്റുകൾ

2 (2877) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്ക് മത്സ്യ വിപണനത്തിനായി കൂടുതൽ മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly